**Athmaraksha.org**

തകർച്ചയുടെ വഴികൾ

## നുണ പറയുകയും കുറ്റം പറയുകയും മറ്റുള്ളവരെ വിധിക്കുകയും ചെയ്യുന്നത്




വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടു തന്നെ നിങ്ങൾക്കും അളന്നുകിട്ടും (മത്തായി 7:1-2).

ജീവിതത്തെ സ്നേഹിക്കുകയും നല്ല ദിവസങ്ങൾ കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്നവൻ തിൻമയിൽനിന്നു തന്റെ നാവിനെയും വ്യാജം പറയുന്നതിൽനിന്നു തന്റെ അധരത്തെയും നിയന്ത്രിക്കട്ടെ (1 പത്രോസ് 3:10).

നീ പ്രാർഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും. മർദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽനിന്ന് ദൂരെയകറ്റുക (ഏശയ്യാ 58:9).

നിന്റെ ഹൃദയത്തിൽനിന്നു ദുഷ്ടത കഴുകിക്കളയുക; എന്നാൽ, നീ രക്ഷപെടും. എത്രനാളാണു നീ ദുഷിച്ച ചിന്തകളും പേറിനടക്കുക? (ജറെമിയാ 4:14).

താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴും; താൻ വച്ച കെണിയിൽ താൻതന്നെ കുടുങ്ങും. താൻ ചെയ്ത തിൻമ തന്റെ മേൽതന്നെ പതിക്കും. അത് എവിടെനിന്നു വന്നെന്ന് അവൻ അറിയുകയില്ല. അഹങ്കാരിയിൽനിന്ന് പരിഹാസവും ദൂഷണവും പുറപ്പെടുന്നു; പ്രതികാരം സിംഹത്തെപ്പോലെ അവനുവേണ്ടി പതിയിരിക്കുന്നു (പ്രഭാഷകൻ 27:26-28).

വായിൽനിന്നു വരുന്നത് ഹൃദയത്തിൽനിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു (മത്തായി 15:18). നിങ്ങൾ സഹോദരനോടു ഹൃദയപൂർവം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെതന്നെ പ്രവർത്തിക്കും (മത്തായി 18:35).

കള്ളൻമാരും അത്യാഗ്രഹികളും മദ്യപൻമാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം

അവകാശമാക്കുകയില്ല (1 കോറിന്തോസ് 6:10).

സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. കൊലപാതകിയിൽ നിത്യജീവൻ വസിക്കുന്നില്ല എന്നു നിങ്ങൾക്കറിയാമല്ലോ (1 യോഹന്നാൻ 3:15).